കരംക്ക് സംരക്ഷണ നിയമങ്ങളും കൊണ്ടുവരുവാൻ ഗവൺമെൻറ് നടപടി എടുക്കുമോ;

(ബി) ഇന്ന് ഏതു നിയമമനുസരിച്ചാണ് വിദേശീയർ കേരള സ്ത്രീകളെ വിവാഹം കഴിക്കുന്നത്;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 15–8–1985–വരെ എത്ര അറബി വിവാഹങ്ങളും ഈ നിയമാനുസൃതം നടന്നിട്ടുണ്ട്;

(ഡി) എത്ര മൈനർ വിവാഹങ്ങളും നടന്നിട്ടുണ്ട്;

(ഇ) ഇതിൻെറ പേരിൽ എത്ര പോലീസ് കേസുകളും നിലവിലുണ്ട്?

ഉത്തരം

(എ) അപ്രകാരമുള്ള നിയന്ത്രണങ്ങളോ സംരക്ഷണ നിയമങ്ങളോ കൊണ്ടുവരുന്നകാര്യം ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലില്ല.

(ബി) വിദേശീയർ കേരളീയ സ്ത്രീകളെ വിവാഹം കഴിക്കുന്നത് അതാത് വ്യക്തി നിയമങ്ങളോ 1954–ലെ സ്പെഷ്യൽ മാരേജ് ആക്ടോ പ്രകാരം ആകാവുന്നതാണ്.

(സി) ''അറബിവിവാഹം'' എന്ന പ്രയോഗംകൊണ്ട് മെമ്പർ എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. അങ്ങനെയുള്ള വിവാഹങ്ങളെ സംബന്ധിച്ചുള്ള കണക്കുകളൊന്നും ഗവൺമെൻറിൻെറ പക്കലില്ല.

(ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

സ്മാരകങ്ങൾ

500 [905] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 25–5–1985 വരെ സ്മാരകങ്ങളും കെട്ടിടങ്ങളും സ്ഥാപിക്കാൻ ഗവൺമെൻറ് സ്ഥലം അനുവദിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രവീതം; ആർക്കെല്ലാം;

(സി) മലബാറിൽ പഴശ്ശിരാജാവിന് സ്മാരകം പണിയാൻ നാലുസെൻറ് ഭൂമി സ്മാരക കമ്മിറ്റി ആവശ്യപ്പെടുകയുണ്ടായോ; എങ്കിൽ എന്ന്;

(ഡി) പ്രസ്തുത സ്മാരകം നിർമ്മിക്കാൻ സ്ഥലം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.
(സി) ഭൂമി ആരും ആവശ്യപ്പെട്ടിട്ടില്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.
(ഇ) ചോദ്യം ഉദിക്കുന്നില്ല.

കേരള കലാമണ്ഡലം

501 [906] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതുരുത്തിയിലെ കലാമണ്ഡലത്തിൽ ഇപ്പോൾ എത്ര കുട്ടികൾ പഠിച്ചുവരുന്നുണ്ട്;

(ബി) ഈ സ്ഥാപനത്തിൽ നടത്തിവരുന്ന കോഴ്സുകൾ ഏതൊക്കെയാണ്;

(സി) ഈ കോഴ്സുകൾ കഴിഞ്ഞാൽ അവയ്ക്കു നൽകിവരുന്ന സർട്ടിഫിക്കറ് പ്രകാരം കേരള ഗവൺമെന്റിൽ ജോലി ലഭിക്കുവാൻ സാദ്ധ്യതകൾ കുറവാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിദ്യാലയങ്ങളിൽ കഥകളിയും മറ്റും പഠിപ്പിക്കുവാൻ ആവശ്യമായവരെ നിശ്ചയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വിദ്യാർത്ഥികൾ നൽകിയ നിവേദനത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കലാമണ്ഡലത്തിൽ ഇപ്പോൾ 136 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) താഴെ പറയുന്ന കോഴ്സുകൾ കലാമണ്ഡലത്തിൽ നടത്തിവരുന്നുണ്ട്.

1. കഥകളിവേഷം
2. കഥകളി സംഗീതം
3. കഥകളി ചെണ്ട
4. കഥകളി മദ്ദളം
5. ചുട്ടിയും കോപ്പുപണിയും
6. കൂടിയാട്ടം വേഷം
7. കൂടിയാട്ടം മിഴാവ്
8. രേതനാട്യം—മോഹിനിയാട്ടം
9. പഞ്ചവാദ്യം—തിമില
10. ഓട്ടൻതുള്ളൽ
11. മൃദംഗം

LIBRARY ARCHIVES Kerala Legislative Assembly